**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വൈക്കം നഗരസഭയിലെ സി.എൽ.ആർ ജീവനക്കാരായ ശ്രീ.കെ.സി.മുരളീധരൻ, ശ്രീ.ആർ.ബാബുരാജ് എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) No.175/15, OA(EKM) N0.181/15 മേലുള്ള 16/02/2016 ലെ അന്തിമ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.2075/2017/തസ്വഭവ                    തീയതി, തിരുവനന്തപുരം : 21/06/2017

പരാമർശം : 1) 22/04/1982 ലെ ജി.ഒ.(എം.എസ്) നം..14/82/എൽബിആർ.
2) 28/02/2016 ലെ ജി.ഒ.(പി) നം.28/2016/ഫിൻ.
3) വൈക്കം നഗരസഭയിലെ സി.എൽ.ആർ ജീവനക്കാരായ ശ്രീ.കെ.സി.മുരളീധരൻ. ശ്രീ.ആർ.ബാബുരാജ് എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) No.175/15, OA(EKM) N0.181/15 മേലുള്ള 16/02/2016 ലെ അന്തിമ വിധിന്യായം.
4) വൈക്കം നഗരസഭാ കൗൺസിലിന്റെ 31/05/2016 ലെ 11-ാം നമ്പർ തീരുമാനം.
5) വൈക്കം നഗരസഭാ സെക്രട്ടറിയുടെ 28/06/2016 ലെ ആർ3-1497/16 നമ്പർ കത്ത്.
6) എംപ്ലോയ്മെന്റ് ഡയറക്ടറുടെ 13/12/2016 ലെ ക്യൂ1/29996/2016/ഡിഇ നമ്പർ കത്ത്.
7) നഗരകാര്യ ഡയറക്ടറുടെ 27/12/2016 ലെ ഇ 2-4836/15 നമ്പർ കത്ത്.

## ഉത്തരവ്

വൈക്കം നഗരസഭയിലെ സി.എൽ.ആർ ജീവനക്കാരായ ശ്രീ.കെ.സി.മുരളീധരൻ. ശ്രീ.ആർ.ബാബുരാജ് എന്നിവർ, തങ്ങളെ കണ്ടിജന്റ് വിഭാഗത്തിൽ ഉൾപ്പെടുത്തി നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) No.175/15, OA(EKM) N0.181/15 മേൽ പരാമർശം (3) പ്രകാരമുള്ള അന്തിമ വിധിന്യായത്തിൽ ബഹു.കോടതി ഇപ്രകാരം നിർദ്ദേശിച്ചിരുന്നു.

"The Original Applications are therefore disposed of with a direction to the third respondent to take up the matter before the Government in the light of Annexure A7 Order passed in OA No.175 of 2015 (Annexure A8 in OA No.181 of 2015) by taking appropriate resolutions. which will be done with a period of two months from the date of receipt of a certified copy of this order and the Government will take an appropriate decision in the matter within a further period of

five months from the date of receipt of the request from the Muncipality "

2) മേൽപ്പറഞ്ഞ ബഹു.ട്രൈബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശം (4) പ്രകാരമുള്ള വൈക്കം നഗരസഭാ കൗൺസിലിന്റെ തീരുമാനപ്രകാരം പ്രസ്തുത വിഷയം സംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിനായി വൈക്കം നഗരസഭാ സെക്രട്ടറി പരാമർശം (5) പ്രകാരം നഗരകാര്യ ഡയറക്ടർ മുഖേന സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

3) വൈക്കം നഗരസഭയുടെ പരാമർശം (4) ലെ തീരുമാനപ്രകാരം നിലവിൽ സി.എൽ.ആർ ഡ്രൈവർമാരായി സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരെയാണ് സാനിട്ടേഷൻ വർക്കർമാരായി റെഗുലറൈസ് ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടുള്ളതെന്നും, ആയത് രണ്ടു തസ്തികകളാണെന്നും, ഒരു തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥനെ മറ്റൊരു തസ്തികയിൽ റെഗുലറൈസ് ചെയ്യാൻ നിയമപരമായി സാധിക്കുകയില്ലെന്നും, മുൻസിപ്പൽ കണ്ടിജന്റ് തൊഴിലാളികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കേണ്ടതെന്നും, പരാമർശം (2) ലെ ഉത്തരവിന്റെ 3-ാം ഖണ്ഡികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്നവർക്ക് റെഗുലറൈസേഷന് അർഹതയില്ലായെന്ന് പരാമർശിച്ചിട്ടുണ്ടെന്നും, കൂടാതെ പ്രകാരം മുൻസിപ്പാലിറ്റികളിലെ കണ്ടിജന്റ് വർക്കർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് സ്ഥിരനിയമനം നടത്തേണ്ടതെന്നും പരാമർശം (6) പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

4) ശ്രീ.ആർ.ബാബുരാജ് 11/04/2002 മുതലും, ശ്രീ.കെ.സി.മുരളീധരൻ 21/05/2005 മുതലുമാണ് ടി നഗരസഭയിൽ സി.എൽ.ആർ.വ്യവസ്ഥയിൽ ഡ്രൈവർമാരായി സേവനമനുഷ്ഠിച്ചുവരുന്നതെന്നും, 29/03/2001 ലെ 91/2001/തസേവഭവ നമ്പർ സർക്കാർ ഉത്തരവു പ്രകാരം 31/12/2000 വരെ മാനദണ്ഡങ്ങൾക്കു വിധേയമല്ലാതെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ച തൊഴിലാളികളെ സ്ഥിരനിയമനത്തിന് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഒഴിവിന്റെ ലഭ്യതയ്ക്കു വിധേയമായി പകരം തൊഴിലാളികളായി പരിഗണിച്ച് ഉത്തരവായിട്ടുള്ളതാണെന്നും. എന്നാൽ ശ്രീ.കെ.സി.മുരളീധരൻ, ശ്രീ.ആർ.ബാബുരാജ് എന്നിവർ ടി ഉത്തരവിന്റെ പരിധിയിൽ വരുന്നവരല്ലാത്തതിനാൽ ടിയാളുകൾ സ്ഥിരനിയമനത്തിന് അർഹരല്ലായെന്നും പരാമർശം (7) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5) മേൽപ്പറഞ്ഞിട്ടുള്ള സർക്കാർ ഉത്തരവുകളുടെയും, എംപ്ലോയ്മെന്റ് ഡയറക്ടറുടെയും നഗരകാര്യ ഡയറക്ടറുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, വൈക്കം നഗരസഭയിലെ സി.എൽ.ആർ ജീവനക്കാരായ ശ്രീ.കെ.സി.മുരളീധരൻ, ശ്രീ.ആർ.ബാബുരാജ് എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) No.175/15, OA(EKM) N0.181/15 ഹർജികളിലെ ആവശ്യം

(Annexure A7 Order passed in OA No.175 of 2015 (Annexure A8 in OA No.181 of 2015)) നിരസിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) പരാമർശം (3) ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലിന്റെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
എസ്.മോഹൻദാസ്
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, വൈക്കം നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ